പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2037 — 12.02.2013-ൽ മറുപടിക്ക്

## ഡീസൽ വിലവർദ്ധനവു മൂലം മത്സ്യ ബന്ധന മേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കെ. നാരായണൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഡീസൽ വില വർദ്ധനവു മൂലം മത്സ്യബന്ധനമേഖല പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കേരളതീരത്ത് മത്സ്യഫെഡിന്റെ ആറ് ഡീസൽ പമ്പുകൾ ഉണ്ട്. അതിൽ 5 എണ്ണം ഡീലർ പമ്പുകളും ഒരെണ്ണം അഴീക്കോട് (തൃശ്ശൂർ) കൺസ്യൂമർ പമ്പുമാണ്. ഡീലർ പമ്പ്/റീട്ടെയിൽ പമ്പ് അഞ്ച് എണ്ണത്തിലും വില വർദ്ധന വന്നിട്ടില്ല. ആയത് പ്രവർത്തിക്കുന്നുണ്ട്. ബൾക്ക് യൂസർ എന്ന നിലയ്ക്ക് സ്വന്തം ആവശ്യത്തിന് (KSRTC കൺസ്യൂമർ പമ്പ് പോലെ) ഉപയോഗിക്കുന്നതാണ് കൺസ്യൂമർ പമ്പ്. ഡീസൽ വിലയിലെ നിയന്ത്രണം മാറ്റിയതിനെ തുടർന്ന് അഴീക്കോടുള്ള പമ്പിൽ കൺസ്യൂമർ വില്പന നിർത്തിവച്ചിരിക്കുകയാണ്. |
| (സി) ഡീസൽ വില നിയന്ത്രണം എടുത്തുകളഞ്ഞ നടപടിയോടുള്ള ഫിഷറീസ് വകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | ഡീസൽ വില നിയന്ത്രണം എടുത്തുകളഞ്ഞ നടപടിയോട് ഫിഷറീസ് വകുപ്പിന് യോജിപ്പില്ല. |

സെക്ഷൻ ഓഫീസർ